(ബി) പ്രസ്തുത തുറമുഖങ്ങൾ ഏതെല്ലാമാണ് ;

(സി) പുതിയ തുറമുഖങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അവ എവിടെയല്ലാമാണെന്നും എന്നത്തേയ്ക്ക് തുടങ്ങുവാൻ കഴിയുമെന്നും ഓരോന്നിനും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 17 (പതിനേഴ്)

(ബി) നീണ്ടകര, ആലപ്പുഴ, കോഴിക്കോട്(ബേപ്പൂർ) എന്നീ ഇടത്തരം തുറമുഖങ്ങളും, വിഴിഞ്ഞം, വലിയതുറ, കൊല്ലം (തങ്കശ്ശേരി), കൊടുങ്ങല്ലൂർ, പൊന്നാനി, വടകര, തലശ്ശേരി, കണ്ണൂർ, അഴീക്കൽ, കാസർഗോഡ്, കായംകുളം, മഞ്ചേശ്വരം, നീലേശ്വരം (ചെറുവത്തൂർ) മണക്കോടം എന്നീ ചെറുകിട തുറമുഖങ്ങളും .

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ആലപ്പുഴ തുറമുഖ വികസനം

109 (1308) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ തുറമുഖ വികസനത്തിനായി ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനം എടുത്തിരുന്നുവോ ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ സർക്കാർ തെരഞ്ഞെടുത്തുവോ ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) എൽ. ആന്റ് ടി റാംബോൾ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ലഭിച്ചിട്ടില്ല. 2003 ജൂലൈയിൽ രൂപരേഖ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കായംകുളം താപനിലയത്തിനുവേണ്ടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തുറമുഖത്തിന്റെ നിർമ്മാണം

110 (1309) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിനുവേണ്ടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തുന്മുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) നിർദ്ദിഷ്ട തുറമുഖം സംബന്ധിച്ച സർവ്വേകൾ പൂർത്തിയാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ.റ്റി.പി.സി. യാണ് കായംകുളം താപനിലയത്തിനുവേണ്ടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ എടുക്കുന്നത്. തുറമുഖ നിർമ്മാണം, സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനും തുറമുഖ വകുപ്പ് എൻ.റ്റി.പി.സി.യ്ക്ക് അനുമതി നല്കിയിട്ടുണ്ട്. പഠനങ്ങൾ പുരോഗമിച്ചു വരുന്നതായി അറിയുന്നു.

(ബി) പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുന്നത് എൻ.റ്റി.പി.സി. യാണ്. ആരെയാണ് അവർ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയില്ല.

(സി) പൂർത്തിയായിട്ടില്ല എന്നാണ് അറിയുന്നത്.

ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം

111 (1310) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) തുറമുഖ വികസനം എത്ര ഘട്ടങ്ങളായാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി വരുന്ന ചെലവിൽ കേന്ദ്രസംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) തുറമുഖ വികസനത്തിനായി ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ് വഴി ഏതെല്ലാം ഏജൻസികൾ തയ്യാറായിട്ടുണ്ട് ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ അവരുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ ;

(എഫ്) കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പദ്ധതി രൂപരേഖയനുസരിച്ച് നാലു ഘട്ടങ്ങളായാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 50 ശതമാനം വീതം

(ഡി) ഒരേജൻസിയും തയ്യാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly